**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3** **01-02-2023 - ൽ മറുപടിയ്ക്ക്**

**മൂന്നാം നൂറുദിന കർമ്മപരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ ആദ്യ നൂറുദിന പരിപാടി, രണ്ടാം നൂറുദിന പരിപാടി എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം രണ്ട് ഘട്ടങ്ങളിലായി 100 ദിന കർമ്മപരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം 100 ദിനകർമ്മ പരിപാടി 2021 ജൂൺ 11 മുതൽ സെപ്തംബർ 13 വരെ നടപ്പിലാക്കി. 34 വകുപ്പുകളിലായി 184 പദ്ധതികൾ തെരഞ്ഞെടുത്തതിൽ 139 പദ്ധതികളും(75%), 240 പദ്ധതി ഘടകങ്ങളിൽ 195 എണ്ണവും (81%) നിശ്ചിത കാലയളവിൽ പൂർത്തിയാക്കുകയും, 80559 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. രണ്ടാം നൂറുദിന കർമ്മ പരിപാടി 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെ നടപ്പിലാക്കി. 40 വകുപ്പുകളിലായി 1564 പദ്ധതികൾ തെരഞ്ഞെടുത്തതിൽ 1276 പദ്ധതികളും (81%), 1921 പദ്ധതി ഘടകങ്ങളിൽ 1628 എണ്ണവും (94%) നിശ്ചിത കാലയളവിൽ പൂർത്തിയാക്കുകയും, 464714 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. |
| (ബി) | മന്ത്രിസഭയുടെ രണ്ടാം വാർഷിക ദിനത്തിൽ അവസാനിക്കുന്ന വിധത്തിൽ സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ് |
| (സി) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പാക്കിയെന്ന് ഉറപ്പുവരുത്തുവാനും ഓരോ വകുപ്പും പരമാവധി പരിപാടികൾ നൂറുദിന പരിപാടികളുടെ ഭാഗമാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ് |
| (ഡി) | മൂന്നാം നൂറുദിന കർമ്മപരിപാടി കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ